പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം. 317 | 04/06/2018 ൽ മറുപടി നല്കേണ്ടത്. |
|---|---|

**കൂടൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.അടൂർ പ്രകാശ്** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | കോന്നി നിയോജകമണ്ഡലത്തിലെ കൂടലിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ കെട്ടിടനിർമ്മാണം ആരംഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | എ) | ആരംഭിച്ചിട്ടില്ല. |
| ബി) | നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ലായെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ; | ബി) | നിലവിൽ കൂടൽ പ്രാഥമികാരോഗ്യകേന്ദ്രം നിലനിൽക്കുന്നത് 78 സെന്റ് ഉൾപ്പെടുന്ന പുറമ്പോക്ക് ഭൂമിയിലാണ്. പ്രാഥമികാരോഗ്യ കേന്ദ്രത്തിന് പുറകിൽ ഉള്ള ക്വാർട്ടേഴ്സ് കെട്ടിടം പൊളിക്കാനുള്ള അനുമതി ലഭ്യമായതിനുശേഷവും പുറമ്പോക്ക് സ്ഥലം ആരോഗ്യവകുപ്പിന് കൈമാറിയതിനുശേഷവും മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുകയുള്ളു. |
| സി) | ഡി.എം.ഒ. യുടെ പരിശോധന കഴിഞ്ഞ് ആശുപത്രിയുടെ നിർമ്മാണം നടത്താനുദ്ദേശിക്കുന്ന സ്ഥലമേതെന്ന് തീർപ്പാക്കിയോ; വിശദാംശം ലഭ്യമാക്കാമോ; | സി) | ആശുപത്രിയുടെ നിർമ്മാണം നടത്താനുദ്ദേശിക്കുന്ന സ്ഥലം സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. |

| | | | |
|---|---|---|---|
| ഡി | ആശുപത്രിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് നാളിതുവരെ എന്തെല്ലാം നടപടികൾ പൂർത്തീകരിച്ചുവെന്ന് വ്യക്ത മാക്കാമോ? | ഡി) | പത്തനംതിട്ട ജില്ലയിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി നിർമ്മിക്കുന്നതിനായി 311 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. മല്ലപ്പള്ളി പ്രാഥമികാരോഗ്യകേന്ദ്രം സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ഈ ആശുപത്രി പരിഗണിച്ചിരുന്നു എങ്കിലും എം. എൽ.എ യുടെ നിർദ്ദേശപ്രകാരം ടി ആശുപത്രി കൂടൽ പ്രാഥമികാരോഗ്യകേന്ദ്രം സ്ഥിതി ചെയ്യുന്ന സ്ഥലത്തേക്ക് മാറ്റുകയുണ്ടായി. 79 സെന്റ് പുറമ്പോക്ക് ഭൂമിയിൽ സ്ഥിതിചെയ്യുന്ന കൂടൽ പ്രാഥമികാരോഗ്യകേന്ദ്രം കെട്ടിടത്തിന്റെ പുറകി ലുള്ള സ്ഥലത്താണ് ഈ ആശുപത്രി നിർമ്മിക്കു വാൻ പരിഗണിച്ചത്. മേൽ റവന്യൂ ഭൂമി ആരോഗ്യ വകുപ്പിന് കൈമാറുന്നതിനായി പത്തനംതിട്ട ജില്ലാ കളക്ടർക്ക് അപേക്ഷ നൽകിയിരുന്നു. ടി സാഹചര്യത്തിൽ പത്തനം തിട്ട ജില്ലയിലെ മറ്റു മൂന്ന് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ സ്ഥലങ്ങൾ ( പ്രാഥമികാരോഗ്യകേന്ദ്രം, വഞ്ചിക്കോട്, റാന്നി പഴയങ്ങാടി, പ്രാഥമികാരോഗ്യകേന്ദ്രം, കോന്നി) ടി ആശുപത്രി നിർമ്മാണത്തിന് പരിഗണിക്കാമെന്ന് കാണിച്ച് ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് നൽകുകയും ചെയ്തു. ആയത് പരിശോധനയിലാണ്. കൂടാതെ കൂടൽ പ്രാഥമികാരോഗ്യകേന്ദ്രത്തിൽ ടി ആശുപത്രി കെട്ടിട നിർമ്മാണത്തിന് ടെന്റർ ഉൾപ്പെടെയുള്ള പ്രാരംഭ നടപടികൾ പൂർത്തിയായ തായി പൊതു മരാമത്ത് വകുപ്പ് ഓഫീസിലെ സൂപ്രണ്ടിംഗ് എഞ്ചിനീയർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 3 - 4 -18 ൽ ആരോഗ്യവകുപ്പ് ഡയറക്ടർ യോഗം കൂടിയിരുന്നു. |

സെക്ഷൻ ഓഫീസർ